പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 4007 | 12/12/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിലെ പുതിയ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ പുതിയതായി ഏതൊക്കെ പദ്ധതികൾ ആണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ; | എ) | വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒ.പി വിഭാഗത്തിനായി അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത ആശുപത്രിയിൽ രോഗികളുടെ വർദ്ധനവിന് അനുസരിച്ച് പുതിയ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | 52 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ സി. എച്ച്.സി യിലെ ശരാശരി ഒ.പി 300 ഉം ശരാശരി ഐ.പി 20 ഉം ആണ്. ഇവിടെ നിലവിൽ സിവിൽ സർജന്റെ ഒരു തസ്തികയും അസിസ്റ്റന്റ് സർജന്റെ 3 തസ്തികയും അടക്കം 4 ഡോക്ടർമാരുടെ തസ്തികകൾ ഉണ്ട്. ഇതിന് പുറമേ എൻ. എച്ച്. എം മുഖേന രണ്ട് ഡോക്ടർമാരുടെ സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | വെൺപകൽ ആശുപത്രിയിൽ രാജീവ് ഗാന്ധി ബയോടെക്നോളജിയുടെ ലാബ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ലാബ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിൽ ഉണ്ടോ; വ്യക്തമാക്കുമോ; | സി) | വെൺപകൽ ആശുപത്രിയിൽ രാജീവ് ഗാന്ധി ബയോടെക്നോളജിയുടെ ലാബ് നിലവിൽ ഇല്ല. വെൺപകൽ ആശുപത്രി ലാബിൽ അവശ്യ ടെസ്റ്റുകൾ എല്ലാം തന്നെ കുറഞ്ഞ നിരക്കിലും ഗുണനിലവാരത്തിലും ചെയ്യാൻ സാധിക്കുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ